## മഹാത്മാഗാന്ധി സർവ്വകലാശാല
## (സംഗ്രഹം)

സർവ്വകലാശാലയുടെ വിവിധ പരീക്ഷകൾക്ക് റാങ്കുകൾ / സ്ഥാനങ്ങൾ നൽകുന്നത് സംബന്ധിച്ചുള്ള സ്പഷ്ടീകരണം

---

**അക്കാഡമിക് എ3 സെക്ഷൻ**

സ. ഉ. നം. 1283/എസിഎ3/ഇഐVIII/2015 തീയതി: 4/03/2017

---

സൂചന: 1) സ. ഉ. നം. എസിഎ3/1/2006 തീയതി 15/12/2006
2) സ. ഉ. നം. എസിഎ1/1/2661/2003 തീയതി 31/12/2003
3) 16/01/2017 -ൽ കൂടിയ സിൻഡിക്കേറ്റ് പരീക്ഷാ സ്റ്റാൻഡിങ്ങ് കമ്മിറ്റി മീറ്റിങ്ങിന്റെ മിനിട്ട്സ്

### ഉത്തരവ്

സർവ്വകലാശാലയുടെ വിവിധ പരീക്ഷകളിൽ വിജയിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷയിൽ കരസ്ഥമാക്കിയ റാങ്കുകൾ/സ്ഥാനങ്ങൾ നൽകുന്നത് പ്രതിപാദിയ്ക്കുന്ന സൂചനയിലെ ഉത്തരവുകൾ സംബന്ധിച്ച് പരീക്ഷാ വിഭാഗം ചില സ്പഷ്ടീകരണം ആരായുകയുണ്ടായി.

ഇത് സംബന്ധിച്ച് അക്കാഡമിക് വിഭാഗം സമർപ്പിച്ച ചില നിർദ്ദേശങ്ങൾ പരീക്ഷയ്ക്കുള്ള സിൻഡിക്കേറ്റിന്റെ സ്റ്റാന്റിങ്ങ് കമ്മിറ്റി മുൻപാകെ വയ്ക്കുവാൻ 16/06/2016-ൽ കൂടിയ സിൻഡിക്കേറ്റ് തീരുമാനിയ്ക്കുകയുണ്ടായി. സൂചന (3)-ൽ പ്രതിപാദിയ്ക്കും വിധം 16/01/2017-ൽ കൂടിയ ഈ കമ്മിറ്റി, നിർദ്ദേശങ്ങൾ ശുപാർശ ചെയ്യുകയും, എം.ജി.യു. ആക്ട് 1985 അദ്ധ്യായം (3) വകുപ്പ് (10) ഉപവകുപ്പ് (17) പ്രകാരം സിൻഡിക്കേറ്റിന്റെ അധികാരം ഉപയോഗിച്ച് ബഹു. വൈസ് ചാൻസലർ താഴെ പറയും വിധം അത് അംഗീകരിയ്ക്കുകയും ചെയ്തു.

ക) മോഡറേഷന്റെ സഹായത്താൽ പരീക്ഷയിൽ ജയിച്ച വിദ്യാർത്ഥികളെ പത്താം സ്ഥാനം വരെ ലഭിച്ച വിദ്യാർത്ഥികളുടെ പട്ടികയിൽ ഉൾപ്പെടുത്തുവാൻ പാടില്ല.

ഖ) മോഡറേഷന്റെ സഹായത്താൽ പരീക്ഷയിൽ ഉയർന്ന ക്ലാസ് ലഭിച്ച വിദ്യാർത്ഥികളെ പരീക്ഷയിൽ പത്താം സ്ഥാനം വരെ ലഭിച്ചവരുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ, അവരുടെ സ്ഥാനം നിർണയിയ്ക്കുന്നത് മൊഡറേഷനായി ലഭിച്ച മാർക്ക് പരിഗണിക്കാതെ പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലായിരിയ്ക്കും. കൂടാതെ, മോഡറേഷന് കിട്ടിയ മാർക്ക് പിൻവലിയ്ക്കേണ്ടതില്ല.

ഗ) റാങ്ക്/സ്ഥാനങ്ങൾ നിർണയിക്കുമ്പോൾ ഗ്രേയ്സ് മാർക്ക് പരിഗണിയ്ക്കേണ്ടതില്ല.

മാത്രമല്ല, അവസാന വർഷം / സെമസ്റ്ററിൽ ഗ്രേയ്സ് മാർക്ക് നൽകിയ ശേഷമുള്ള മൊത്തം മാർക്ക് പത്താം സ്ഥാനം കിട്ടിയ വിദ്യാർത്ഥിയേക്കാൾ ഒരു മാർക്ക് കുറവായിരിയ്ക്കണം. കൂടാതെ, മുൻ വർഷങ്ങളിൽ / സെമസ്റ്ററുകളിൽ ഗ്രേയ്സ് മാർക്ക് നൽകിയിട്ടുണ്ടെങ്കിൽ ആ മാർക്കുകൾ സ്ഥാനം നിർണയിയ്ക്കുന്നതിനു പരിഗണിയ്ക്കാവുന്നതല്ല. എന്നാൽ, ഗ്രേയ്സ് മാർക്ക് കണക്കാക്കാതെയുള്ള മൊത്തം മാർക്കിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് ഒന്ന് മുതൽ പത്തു വരെയുള്ള സ്ഥാനം നൽകാവുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

ഒപ്പ്/-

രഘുനാഥൻ നായർ ഡി.

അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാഡമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വൈസ് ചാൻസലർ/പ്രോ. വൈസ് ചാൻസലർ എന്നിവരുടെ പി.എസ്.
2. രജിസ്ട്രാർ/പരീക്ഷാ കൺട്രോളറുടെ പി.എ.
3. ജെ.ആർ/ഡി.ആർ/എ.ആർ ( അഡ്മിൻ/എക്സാം)
4. ടാബുലേഷൻ/അക്കാദമിക് സെക്ഷൻ
5. കണ്ടന്റ് മാനേജ്മെന്റ് സെൽ
6. പി.ആർ.ഒ./എൻക്വയറി
7. ഐ.ക്യു.എ.സി.
8. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ